

**Palakkad Police Action**

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

# "വയോജന ഉല്ലാസ യാത്ര"




വാര്ദ്ധക്യത്തിന്റെ വിഷമതകള്ക്കിടയില് ആശ്വാസമായി കല്ലടിക്കോട് ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തില് "വയോജന ഉല്ലാസ യാത്ര" . അവശതയും മരുന്നും

ക്ഷീണവുമായി കഴിഞ്ഞിരുന്ന ൬൦ വയസ്സില് കൂടുതല് പ്രായമുള്ള നാല്പ്പത്തഞ്ചോളം ആളുകളെയും കൂട്ടിയാണ് കാഞ്ഞിരപ്പുഴ ഡാമും ഉദ്യാനവും കാണുന്നതിനായി യാത്ര പോയത്. കല്ലടിക്കോട് ജനമൈത്രി പോലീസ് കുടുംബാരോഗ്യകേന്ദ്രം, റോട്ടറി ക്ലബ്, ദേശബന്ധു സ്കൂളിലെ പൂര്വ്വവിദ്യാര്ഥി കൂട്ടായ്മയായ ചങ്ങാതിക്കൂട്ടം എന്നിവരുടെ സഹകരണത്തോടെയാണ് ഈ പരിപാടി സംഘടിപ്പിച്ചത്. ഒരു ദിവസം പ്രായം മറന്ന് പാട്ടും കഥകളുമായി ആ പഴയ കാല ജീവിതം ആഘോഷമാക്കിയ അംഗങ്ങള് ഉച്ചഭക്ഷണത്തിന് ശേഷം വൈകുന്നേരത്തോടുകൂടി യാതൊരു അവശതകളും കൂടാതെ തിരികെയെത്തി. ആശപ്രവര്ത്തകരും മരുന്നും ഹെല്ത്ത് ഇന്സ്പെക്ടര്മാരും സഹിതം എല്ലാ സജ്ജീകരണങ്ങളുമായാണ് യാത്ര നടത്തിയത്. ജനമൈത്രി ബീറ്റ് ഡ്യൂട്ടിക്കാരായ പുഷ്പദാസിന്റെയും ബിബീഷിന്റെയും തുടര്ച്ചയായ പ്രവര്ത്തനത്തിന്റെ ഫലമായാണ് പരിപാടി നല്ല രീതിയില് നടത്താനായത്.

.....................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT